2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

സാധാരണ ജനങ്ങൾക്ക് ഐ.ടി. അധിഷ്ഠിത സേവനങ്ങൾ

3 (*633) ശ്രീ. ജെയിംസ് മാത്യു :

ശ്രീ. എം. ഹംസ :

ശ്രീ. കെ. വി. അബ്ദുൾ ഖാദർ :

ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഐ.ടി. അധിഷ്ഠിത സേവനങ്ങൾ സാധാരണ ജനങ്ങൾക്ക് ഏതെല്ലാം മേഖലകളിൽ പുതുതായി നൽകാമെന്ന് പഠനം നടത്തിയിട്ടുണ്ടോ ;

(ബി) ലഭ്യമാക്കാവുന്ന സൗകര്യങ്ങൾപോലും ഗ്രാമീണരടക്കമുള്ളവർക്ക് നൽകുന്നതിന് സാദ്ധ്യമാകുന്നുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(സി) ആധുനിക ഐ.ടി. സാങ്കേതിക വിദ്യകൾ സാമ്പത്തികമായി പിന്നോക്കം നില്ക്കുന്നവർക്കടക്കം പ്രയോജനകരമാക്കുന്നതിനുള്ള എന്തെങ്കിലും പുതിയ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(ഡി) സർക്കാർ ആഫീസുകളിൽ ഇതിനകം സ്ഥാപിക്കപ്പെട്ട ഐ.ടി. അധിഷ്ഠിത സംവിധാനങ്ങളുടെ പ്രവർത്തനക്ഷമത എത്ര ശതമാനം വിനിയോഗിക്കപ്പെടുന്നുണ്ടെന്ന് വിശദമാക്കുമോ ?

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) :

(എ&ബി) ഇ-ഡിസ്ട്രിക്ട്, ഇ-ടെണ്ടർ, ഇ-പേയ്മെന്റ് തുടങ്ങിയ പദ്ധതികൾ പ്രകാരവും വാണിജ്യനികുതി, വിദ്യാഭ്യാസം, മോട്ടോർ വാഹനം, റവന്യൂ, തദ്ദേശസ്വയംഭരണം, ട്രഷറി, പൊതുവിതരണം, കേരള പോലീസ്, സർവ്വേ, ആരോഗ്യം, കൃഷി, രജിസ്ട്രേഷൻ തുടങ്ങിയ വകുപ്പുകളിലെ ഇ-ഗവേണൻസ് പദ്ധതികൾ മുഖേനയും വിവിധ സേവനങ്ങൾ പൊതുജനങ്ങൾക്ക് നൽകിവരുന്നു. കൂടാതെ വൈദ്യുതി, മൊബൈൽ ഫോൺ, ടെലിഫോൺ, നികുതികൾ, വെള്ളം തുടങ്ങിയവയുടെ ബില്ലുകളും പരീക്ഷ ഫീസും ഓൺലൈൻ മുഖേന ഒടുക്കുന്നതിനുള്ള സംവിധാനം നിലവിലുണ്ട്. ഇത്തരം സർക്കാർ സേവനങ്ങൾ ഗ്രാമീണർ അടക്കമുള്ളവർക്ക് ലഭ്യമാക്കുന്നതിനുവേണ്ടിയാണ് സംസ്ഥാനത്തൊട്ടാകെ 2300-ഓളം അക്ഷയ കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുള്ളത്. സാധാരണ

LIBRARY ARCHIVES Kerala Legislative Assembly

ജനങ്ങളെ ഐ.ടി. അധിഷ്ഠിത സേവനങ്ങൾ ഉപയോഗപ്പെടുത്താൻ പ്രാപ്തമാക്കുന്നതിനായി ഇ-സാക്ഷരതാ പദ്ധതിയും നടപ്പിലാക്കിവരുന്നുണ്ട്. ഐ.ടി അധിഷ്ഠിത സേവനങ്ങൾ കൂടുതൽ മേഖലകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനുള്ള വിശദമായ പഠനം നടത്തുന്നതാണ്.

(സി) വിവര സാങ്കേതിക വിദ്യ ഉപയോഗിച്ച് നൽകുന്ന സേവനങ്ങൾ എല്ലാംതന്നെ സാർവത്രികമായി എല്ലാ മേഖലയിലുള്ളവർക്കും ഉപയോഗിക്കാൻ പര്യാപ്തമാണ്. എന്നാൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കമ്പ്യൂട്ടർ-ഇന്റർനെറ്റ് സൗകര്യങ്ങൾ ഇല്ലാത്തവർക്ക് അക്ഷയ കേന്ദ്രങ്ങൾ വഴിയും ഇതര ഇന്റർനെറ്റ് സെന്ററുകൾവഴിയും ആധുനിക വിവര സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്താവുന്നതാണ്. വിദ്യാഭ്യാസ വകുപ്പും ഐ.ടി മിഷനും സംയുക്തമായി ചേർന്ന് ബി.പി.എൽ കുടുംബങ്ങളിലെ പ്രൊഫഷണൽ വിദ്യാഭ്യാസത്തിനു ചേർന്ന പെൺകുട്ടികൾക്ക് ലാപ്ടോപ്പ് നൽകുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ ഇ-ഡിസ്ട്രിക്ട്, ഐടി@സ്കൂൾ, വെർച്വൽ ക്ലാസ് റൂംസ്, സ്മാർട്ട് ക്ലാസ് റൂംസ്, ഡിജിറ്റൽ ലോക്കർ സംവിധാനം, പെൻഷൻ ലഭിക്കുന്നതിന് ആധാർ അധിഷ്ഠിതമായി ലൈഫ് സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള സംവിധാനം, ഡിജിറ്റൽ ലിറ്ററസി പദ്ധതി തുടങ്ങിയവ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കടക്കം പ്രയോജനകരമായ നൂതന പദ്ധതികളാണ്.

(ഡി) ഇ-ഗവേണൻസ് പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കിയിട്ടുള്ള എല്ലാ സർക്കാർ ഓഫീസുകളിലും ഏതാണ്ട് പൂർണ്ണ തൃപ്തിൽത്തന്നെ ഐ.ടി അധിഷ്ഠിത സംവിധാനങ്ങളുടെ പ്രവർത്തനക്ഷമത ഉറപ്പുവരുത്തിയിട്ടുണ്ട്.

ഭവന നിർമ്മാണ ബോർഡിന്റെ കടബാദ്ധ്യത

4 (*634) ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ ഭവന നിർമ്മാണ ബോർഡിനെ ഋണവിമുക്തമാക്കിയിട്ടുണ്ടോ ;

(ബി) ഇത് സംബന്ധിച്ച വിശദാംശങ്ങൾ എന്തെല്ലാം ; വിവരിക്കുമോ ;

(സി) ഇതുമൂലം ഭവന നിർമ്മാണ രംഗത്തിന് എന്തെല്ലാം നേട്ടങ്ങളാണ് കൈവരിച്ചത് ?

LIBRARY ARCHIVES Kerala Legislative Assembly